സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേലപ്പരസ്യം

ആലുവ മഹാദേവർ ദേവസ്വം കൊല്ലവർഷം 1201 (2026) ലെ കർക്കടക വാവ് മഹോത്സവം സംബന്ധിച്ച് ബലിതറകളുടേയും താൽക്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള പ്ലോട്ടുകളുടേയും ലേലം.

1. ആലുവ മണപ്പുറത്ത് കൊല്ലവർഷം 1201 ലെ കർക്കടകവാവിനോടനുബന്ധിച്ച് 11/08/2026 മുതൽ 12/08/2026 വരെ നിർദ്ദിഷ്ഠ സ്കെച്ചിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള സ്ഥലത്തും അളവിലും താൽക്കാലിക ബലിപ്പുര കെട്ടി നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് ബലികർമ്മം നടത്തി കൊടുക്കുന്നതിനുള്ള അവകാശം 20.7.26 തീയതി 11 AM മണിക്ക് ആലുവ മഹാദേവർ ദേവസ്വത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതാണ്. (ബലി തർപ്പണം നടത്തുന്നവർ തന്ത്രിയുടെ സർട്ടിഫിക്കറ്റും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും, 3 ഫോട്ടോയും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്).

2. ആലുവ മണപ്പുറത്ത് കർക്കടകവാവിനോടനുബന്ധിച്ച് 11/08/2026 മുതൽ 16/08/2026 വരെ നിർദ്ദിഷ്ഠ സ്കെച്ചു പ്രകാരമുള്ള സ്ഥലത്തും അളവിലും താൽക്കാലിക സ്റ്റാളുകൾ കെട്ടി നിലവിലെ മാനദണ്ഡങ്ങൾ പാലിച്ച് കച്ചവടം നടത്തുന്നതിനുള്ള അവകാശം 20.7.26 തീയതി 11 AM മണിക്ക് ആലുവ മഹാദേവർ ദേവസ്വത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

കുത്തക ഏറ്റെടുക്കുന്നവർ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ് (04829-231218), അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് (0484-2442472), അഡ്മിനിസ്ട്രേറ്റീവ് ആഫീസ് ആലുവ എന്നിവിടങ്ങളിൽ നിന്നും www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

വൈക്കം

# തിരുവിതാംകൂർദേവസ്വംബോർഡ്

ആലുവ മഹാദേവർ ദേവസ്വം കൊല്ലവർഷം 1201 ME (2026) കർക്കിടകവാവ് മഹോത്സവം സംബന്ധിച്ച് ബലി തറകളുടേയും, താൽക്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള പ്ലോട്ടുകളുടേയും ലേലം.

## <u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി ബലിത്തറയ്ക്ക് 3,000/- രൂപയും കച്ചവടസ്ഥാപനങ്ങൾക്കുള്ള പ്ലോട്ടുകൾക്ക് 2,000/- രൂപയും നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്.
2. ബലിത്തറകൾ 11-08-2026 മുതൽ 12-08-2026 വരേയും, കച്ചവട സ്ഥാപനങ്ങൾ 11-08-2026 മുതൽ 16-08-2026 വരേയും മാത്രമായിരിക്കും കരാർ കാലാവധി. കാലാവധിയ്ക്ക് ശേഷം ഒരു ദിവസം പോലും കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുവാൻ പാടില്ലാത്തതും പൊളിച്ചുമാറ്റേണ്ടതുമാണ്. വീഴ്ച വരുത്തുന്ന പക്ഷം ഉണ്ടാകുന്ന നടപടികൾക്ക് കുത്തകക്കാർ മാത്രം ഉത്തരവാദികളായിരിക്കുന്നതാണ്.
3. എല്ലാ ലേലങ്ങൾക്കും മുൻപായി ക്വട്ടേഷനുകൾ ഹാജരാക്കാവുന്നതാണ്. ക്വട്ടേഷൻ തുകയോ, ലേലതുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്കുള്ള ആളുടെ പേരിൽ ലേലം അവസാനിപ്പിക്കുന്നതായിരിക്കും.
4. ലേലം അവസാനിപ്പിച്ചുകഴിഞ്ഞാൽ ലേലത്തുക മുഴുവനായും അപ്പോൾ തന്നെ ലേലക്കാരൻ അടച്ച് രസീത് വാങ്ങേണ്ടതും എഗ്രിമെന്റിൽ ഒപ്പിടേണ്ടതുമാണ്.
5. ബലിത്തറകളുടെ ലേലത്തിൽ പങ്കെടുക്കുന്നവർ തന്ത്രിയുടെ പുരോഹിത സർട്ടിഫിക്കറ്റും, 3 ഫോട്ടോയും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ലേലത്തിന് മുൻപായി ഹാജരാക്കേണ്ടതാണ്.
6. ലേലം പിടിക്കുന്ന ആൾ ബലിത്തറയുടേതല്ലാത്ത പരസ്യബോർഡുകൾ ഒന്നും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. ഉച്ചഭാഷിണി അനുവദനീയമല്ല.
7. ബലിത്തറകളിലും കടകളിലും പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മാണങ്ങൾക്ക് ഉപയോഗിക്കുന്നതും വിൽപ്പന നടത്തുന്നതും നിരോധിച്ചിരിക്കുന്നു. ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
8. ബലി കർമ്മങ്ങൾക്ക് വാഴയില മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
9. കുത്തകക്കാർ 2,000/- രൂപ വീതം സെക്യൂരിറ്റി തുക അടയ്ക്കേണ്ടതാണ്. ബലിത്തറകളിലും കടകളിലും ഉണ്ടാകുന്ന ചപ്പുചവറുകളും മാലിന്യങ്ങളും സ്വന്തം ചിലവിൽ അതാത് ദിവസം തന്നെ നീക്കം ചെയ്യേണ്ടതും, അപ്രകാരം ചെയ്യാത്ത പക്ഷം സെക്യൂരിറ്റിയായി ഈടാക്കിയിട്ടുള്ള തുക ക്ലീനിംഗ് ചാർജ്ജായി ഡിപ്പാർട്ടുമെന്റിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്.
10. കുത്തകക്കാർ സ്കെച്ചിലും പ്ലാനിലും നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത അളവിൽ കൂടുതൽ സ്ഥലത്ത് ബലിത്തറകളോ കടകളോ കെട്ടുവാൻ പാടുള്ളതല്ല. ഷീറ്റുകളോ മറ്റോ ഉപയോഗിച്ച് കടയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ പാടില്ലാത്തതാണ്. അപ്രകാരം പരിശോധനാ ഉദ്യോഗസ്ഥർ കണ്ടെത്തിയാൽ കുത്തക റദ്ദ് ചെയ്ത് ആവർത്തന ലേലം നടത്തുന്നതും, ആയതിന്മേൽ ആദ്യ കുത്തകക്കാരന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

11. കുത്തകക്കാർ അനുവദിച്ചിട്ടുള്ള നിശ്ചിത തീയതികളിൽ മാത്രമേ ബലിത്തറകളും കടകളും പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ. കുത്തക കാലാവധി കഴിയുന്ന ക്രമം പൊളിച്ചുമാറ്റേണ്ടതാണ്.
12. ബലിത്തറകളിലും, കടകളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മത്സ്യമാംസാദികൾ, സർക്കാർ നിരോധിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽക്കുകയോ, ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.
13. കടകൾ നടത്തുന്നവർ ഭക്തജനങ്ങളോട് മാന്യമായി പെരുമാറുകയും ന്യായമായ നിരക്കിൽ മാത്രം സാധനങ്ങൾ വിൽക്കേണ്ടതുമാണ്.
14. ബലിത്തറകളിൽ ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള ദക്ഷിണ കർമ്മികൾ വാങ്ങേണ്ടതും ഭക്തജനങ്ങളോട് മാന്യമായി പെരുമാറേണ്ടതുമാണ്.
15. കടകളിലേക്കും ബലിത്തറകളിലേക്കും ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ ലേലക്കാരൻ സ്വന്തം ചിലവിൽ ഏർപ്പെടുത്തേണ്ടതാണ്.
16. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, 3 ഫോട്ടോയും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കണം.
17. കുത്തകക്കാർ ഒരു കാരണവശാലും ബലിത്തറകളോ, കടകളോ മറ്റൊരു വ്യക്തിക്കോ സംഘടനക്കോ മറിച്ചുകൊടുക്കുവാൻ പാടുള്ളതല്ല.
18. ബലിത്തറകളിലും കടകളിലും നിയോഗിക്കുന്ന സഹകർമ്മികൾ, മാനേജർ, തൊഴിലാളികൾ മുതലായവരുടെ പൂർണ്ണമായ വിലാസം തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ലേലക്കാരൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ ഏൽപ്പിക്കേണ്ടതാണ്.
19. കുത്തകക്കാരൻ ഡിപ്പാർട്ടുമെന്റിന്റെ ലേല നിബന്ധനകളിൽ എന്തെങ്കിലും വിധത്തിലുള്ള ലംഘനം നടത്തിയാലോ, ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന തരത്തിലുള്ളതോ ഡിപ്പാർട്ടുമെന്റിന്റെ റവന്യൂവിനെ ബാധിക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തിയാലോ തൽസമയം തന്നെ കുത്തക റദ്ദ് ചെയ്ത് പുനർ ലേലം നടത്തുന്നതും ആദ്യ കുത്തകക്കാരന് ഇനിമേൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.
20. ലേലം ഉറപ്പിക്കുന്നതിനും, നിരാകരിക്കുന്നതിനും ഡിപ്പാർട്ടുമെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.
21. ലേലക്കാരൻ സർക്കാരിലേക്ക് എന്തെങ്കിലും തരത്തിലുള്ള നികുതി അടക്കേണ്ടതായി വന്നാൽ സ്വന്തം ചിലവിൽ ആയത് ഒടുക്കുവരുത്തേണ്ടതാണ്.
22. കുത്തക പ്രദേശനങ്ങൾ ഏതുസമയവും പരിശോധിക്കുന്നതിന് ദേവസ്വം പരിശോധനാ ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതും, കുത്തകക്കാർ ആയത് സഹകരിക്കേണ്ടതുമാണ്.


ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വംകമ്മീഷണർ ആഫീസ് (04829-231318), അസിസ്റ്റന്റ്ദേവസ്വം കമ്മീഷണർ ആഫീസ്, നോർത്ത് പറവൂർ, (0484-2442472), അഡ്മിനിസ്ട്രേറ്റീവ് ആഫീസ് ആലുവ എന്നിവിടങ്ങളിൽ നിന്നുംwww.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

വൈക്കം

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
വൈക്കം.

PRODUCED BY AN AUTODESK EDUCATIONAL PRODUCT

# ALUVA MAHADEVAR DEVASWOM IN PARAVUR GROUP- PROPOSED SITE PLAN OF BALITHARAS FOR KARKKIDAKAVAVU IN 1201ME ( ENLARGED VIEW )




SIZE OF BALITHARA - 3.00 X 6.00 M

SIZE OF DEPT.BALITHARA :D1,D2,D3-9.00X9.00 M,D4-5.00X7.00 M

WIDTH OF PATHWAY BETWEEN TWIN BALITHARA IS 1.00 M


DRAWING NOT TO SCALE

ADMINISTRATIVE OFFICER
ALUVA MAHDEVAR DEVASWOM
ALUVA

ASSISTANT ENGINEER
TRAVANCORE DEVASWOM BOARD
ALUVA

PRODUCED BY AN AUTODESK EDUCATIONAL PRODUCT
PRODUCED BY AN AUTODESK EDUCATIONAL PRODUCT
PRODUCED BY AN AUTODESK EDUCATIONAL PRODUCT

# ALUVA MAHADEVAR DEVASWOM IN PARAVUR GROUP
## PROPOSED SITE PLAN OF SHOP
## FOR KARKKIDAKA VAVU IN 1201 ME




SIZE OF SHOP

| | | |
|---|---|---|
| No 1 ,12 ,20 | - 3.0 X 3.0 | M |
| No 2 AND 3 | - 4.5 X 3.0 | M |
| No 4 TO 9 | - 3.0 X 4.0 | M |
| No 10 AND 11 | - 3.0 X 4.5 | M |
| No 13 TO 19 | - 4.5 X 3.0 | M |
| No 21 TO 25 | - 4.5 X 3.0 | M |

ALL DIMENSIONS ARE IN CMS
NOT TO SCALE